**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3524** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂനികുതി അടയ്ക്കുന്നതിനുള്ള തടസ്സം മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കംപ്യൂട്ടറൈസേഷന്റെ ഭാഗമായി ആധാറുമായി ലിങ്ക് ചെയ്ത് ഭൂമിയുടെ നികുതി അടക്കാൻ വില്ലേജുകളിലെത്തുമ്പോൾ കൈവശമുള്ള ഭൂമിയുടെ യഥാർഥ അളവ് വില്ലേജുകളിലെ ഡിജിറ്റൽ രേഖകളിൽ ഇല്ലെന്ന് ചൂണ്ടിക്കാട്ടി നികുതി അടക്കാനാകാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള പിശകുകൾ ആണെങ്കിൽ ആയത് തിരുത്തി നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസർക്കും തഹസിൽദാർക്കും ഓൺലൈൻ സോഫ്റ്റ് വെയറായ റെലിസിൽതന്നെ ഓപ്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കൈവശമുള്ള ഭൂമിയുടെ കൃത്യമായ അളവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾക്ക് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കൈവശ ഭൂമിയുടെ കൃത്യമായ അളവ് രേഖപ്പെടുത്തി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഡിജിറ്റൽ റീസർവ്വെ നടപടികൾ സംസ്ഥാനത്ത് പുരോഗമിച്ചു വരുകയാണ്. ഓരോ വില്ലേജിലും പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ അളവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യപ്പെടും. |

സെക്ഷൻ ഓഫീസർ